**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1434** **07-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമി കൈയ്യേറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കിഴക്കേകോട്ട വടക്ക് ബസ് സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ളതും സർക്കാർ സ്ഥാപനത്തിന് അർഹമായതുമായ ഭൂമി അനധികൃതമായി കൈയ്യേറിയവരിൽ നിന്ന് എന്നേക്ക് പൂർണ്ണമായും ഒഴിപ്പിച്ചെടുക്കാനാകുമെന്ന് അറിയിക്കുമോ; | (എ) | തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചു പിടിക്കുന്നതിനായി കൈയ്യേറ്റം തിട്ടപ്പെടുത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം സി.സി ഫോറം നോട്ടീസ് നൽകിയിട്ടുള്ളതാണ്. കൈയ്യേറ്റ കക്ഷികളെ പുനരധിവസിപ്പിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ WP(C) 26280/16 കേസിലെ 08.11.2016 ലെ വിധി പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 0.0118 ഹെക്ടർ ഭൂമി 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 Sq.m ഭൂമി വീതം തുല്യമായി വീതിച്ച് നൽകി. 29.12.2020 തീയതിയിലെ സ.ഉ (കൈ) 313/2020/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും ഭൂമി കൈമാറുന്നതിനായി തുടർനടപടികൾ നടന്ന് വരുന്നതുമാണ്. പുനരധിവാസം സംബന്ധിച്ച നടപടികൾ പരിഗണനയിൽ ആയതിനാൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. പുനരധിവാസം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേരള ഭൂസംരക്ഷണ നിയമപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കാൻ കഴിയൂ. |
| (ബി) | ഇക്കാര്യത്തിൽ കാലതാമസം വരുത്തുന്നത് ഒഴിവാക്കി കൈയ്യേറ്റം ഒഴിപ്പിക്കാൻ തയ്യാറാകുമോ? | (ബി) | തിരുവനന്തപുരം കിഴക്കേകോട്ട നോർത്ത് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ഭൂമി സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് തിരിച്ചു പിടിക്കുന്നതിനായി കൈയ്യേറ്റം തിട്ടപ്പെടുത്തി കേരള ഭൂസംരക്ഷണ നിയമപ്രകാരം സി.സി ഫോറം നോട്ടീസ് നൽകിയിട്ടുള്ളതാണ്. കൈയ്യേറ്റ കക്ഷികളെ പുനരധിവസിപ്പിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ WP(C) 26280/16 കേസിലെ |

| | | | |
|---|---|---|---|
| | | | 08.11.2016 ലെ വിധി പ്രകാരം ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കൈയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 0.0118 ഹെക്ടർ ഭൂമി 20 കച്ചവടക്കാർക്ക് ഓരോരുത്തർക്കും 5.9 Sq.m ഭൂമി വീതം തുല്യമായി വീതിച്ച് നൽകി. 29.12.2020 തീയതിയിലെ സ.ഉ (കൈ) 313/2020/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാട്ടത്തിന് നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതും ഭൂമി കൈമാറുന്നതിനായി തുടർനടപടികൾ നടന്ന് വരുന്നതുമാണ്. പുനരധിവാസം സംബന്ധിച്ച നടപടികൾ പരിഗണനയിൽ ആയതിനാൽ ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടില്ല.പുനരധിവാസം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ കേരള ഭൂസംരക്ഷണ നിയമപ്രകാരം കൈയ്യേറ്റം ഒഴിപ്പിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ